## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3456** — **02-03-2023 - ൽ മറുപടിയ്ക്ക്**

## വെളുത്തൂർ ഉൾപ്പാടം പാടശേഖര സമിതിയുടെ കെ.ഡി.എ. രജിസ്ട്രേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ വെളുത്തൂർ ഉൾപ്പാടം കോൾ പാടശേഖര സമിതി കെ.ഡി.എ. രജിസ്ട്രേഷൻ പുതുക്കാത്തതിനാൽ 2016-17 മുതലുള്ള പമ്പിംഗ് സബ്സിഡി അനുവദിച്ചിട്ടില്ല എന്ന വിഷയത്തിൽ പ്രസ്തുത പാടശേഖര സമിതിയുടെ പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. മനക്കൊടി - വെളുത്തൂർ ഉൾപ്പാടം പാടശേഖര സമിതിക്ക് കോൾനില വികസന ഏജൻസി അംഗത്വ രജിസട്രേഷനുമായി ബന്ധപ്പെട്ട് 05.07.2018 ൽ തൃശ്ശൂർ പുഞ്ച സ്പെഷ്യൽ ഓഫീസിൽ അപേക്ഷ ലഭിച്ചിരുന്നു. ഈ പടവ് 'മനക്കൊടി വെളുത്തൂർ ഉൾപ്പാടം കടുംകൃഷി നെല്ലുൽപാദക സമിതി' എന്നപേരിൽ മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും, 2011-2012 കാലഘട്ടം വരെ പ്രസ്തുത പാടശേഖരത്തിന് സബ്സീഡി അനുവദിച്ചിട്ടുള്ളതാണെന്നും, എന്നാൽ ടി പാടശേഖരത്തിനെതിരെ വിജിലൻസ് കേസ് വന്നതിനാൽ തുടർന്നുള്ള വർഷങ്ങളിൽ സബ്സിഡി അനുവദിച്ചിട്ടില്ലാത്തതാണെന്നും, പഴയ സമിതിയുടെ ബാധ്യതകൾ ഏറ്റെടുക്കാൻ സാധിക്കില്ലയെന്ന് പുതിയ സമിതി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ കേസിന്റെ അന്തിമ വിധിക്കാധാരമായി പഴയ സമിതി രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനുശേഷം പുതിയ സമിതിക്ക് രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണെന്നുമുള്ള പുഞ്ച സ്പെഷ്യൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോൾ നില വികസന ഏജൻസിയുടെ കോർഡിനേറ്ററെ 18.11.2019 തീയതിയിൽ അറിയിച്ചിരുന്നു. തുടർന്ന് 17.12.2021 തീയതിയിൽ 'മനക്കൊടി വെളുത്തൂർ ഉൾപ്പാടം കടുംകൃഷി നെല്ലുൽപാദക സമിതി' സബ്സിഡി വിതരണവുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടത്തുക സർക്കാരിലേക്ക് അടവാക്കിയിട്ടുള്ളതാണ്. പഴയസമിതി രജിസ്ട്രേഷൻ റദ്ദ് ചെയ്ത് 'മനക്കൊടി വെളുത്തൂർ ഉൾപ്പാടം പാടശേഖര സമിതിക്ക്' നിലവിലെ നിയമങ്ങൾക്കു വിധേയമായി കോൾനില വികസന ഏജൻസിയിൽ അംഗത്വം നൽകുന്നതിന് കോൾനില വികസന ഏജൻസി കോർഡിനേറ്റർക്ക് പുഞ്ച സ്പെഷ്യൽ ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. മനക്കൊടി - വെളുത്തൂർ ഉൾപ്പാടം പാടശേഖര സമിതിക്ക് കോൾനില വികസന ഏജൻസി അംഗത്വ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് 05.07.2018 ൽ തൃശ്ശൂർ പുഞ്ച സ്പെഷ്യൽ ഓഫീസിൽ അപേക്ഷ ലഭിച്ചിരുന്നു. ഈ പടവ് 'മനക്കൊടി വെളുത്തൂർ ഉൾപ്പാടം കടുംകൃഷി നെല്ലുൽപാദക സമിതി' എന്നപേരിൽ മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും, 2011-2012 കാലഘട്ടം വരെ പ്രസ്തുത പാടശേഖരത്തിന് സബ്സിഡി അനുവദിച്ചിട്ടുള്ളതാണെന്നും, എന്നാൽ ടി പാടശേഖരത്തിനെതിരെ വിജിലൻസ് കേസ് വന്നതിനാൽ തുടർന്നുള്ള വർഷങ്ങളിൽ സബ്സിഡി അനുവദിച്ചിട്ടില്ലാത്തതാണെന്നും, പഴയ സമിതിയുടെ ബാധ്യതകൾ ഏറ്റെടുക്കാൻ സാധിക്കില്ലയെന്ന് പുതിയ സമിതി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ കേസിന്റെ അന്തിമ വിധിക്കാധാരമായി പഴയ സമിതി രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനുശേഷം പുതിയ സമിതിക്ക് രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണെന്നുമുള്ള പുഞ്ച സ്പെഷ്യൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോൾ നില വികസന ഏജൻസിയുടെ കോർഡിനേറ്ററെ 18.11.2019 തീയതിയിൽ അറിയിച്ചിരുന്നു. തുടർന്ന് 17.12.2021 തീയതിയിൽ 'മനക്കൊടി വെളുത്തൂർ ഉൾപ്പാടം കടുംകൃഷി നെല്ലുൽപാദക സമിതി' സബ്സിഡി വിതരണവുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടത്തുക സർക്കാരിലേക്ക് അടവാക്കിയിട്ടുള്ളതാണ്. പഴയസമിതി രജിസ്ട്രേഷൻ റദ്ദ് ചെയ്ത് 'മനക്കൊടി വെളുത്തൂർ ഉൾപ്പാടം പാടശേഖര സമിതിക്ക്' നിലവിലെ നിയമങ്ങൾക്കു വിധേയമായി കോൾനില വികസന ഏജൻസിയിൽ അംഗത്വം നൽകുന്നതിന് കോൾനില വികസന ഏജൻസി കോർഡിനേറ്റർക്ക് പുഞ്ച സ്പെഷ്യൽ ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ